# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 2, Issue: 16

നവംബർ 01 ചൊവ്വ 2022

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


# മാഞ്ചോട് പാലത്തിനായുള്ള കാത്തിരുപ്പ് നീളുന്നു

**അഞ്ജന വിൻസന്റ്**

ഇരിട്ടി: അയ്യൻകുന്ന് ആറളം പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മാഞ്ചോട് പാലം നിർമാണം വൈകുന്നു. മാഞ്ചോട്, മലയാളംകാട്, അമ്പലക്കാട്, കരടിമല തുടങ്ങിയ പ്രദേശവാസികൾക്ക് കരിക്കോട്ടക്കരി, ഇരിട്ടി തുടങ്ങിയ ടൗണുകളിലേക്ക് എത്താനുള്ള വഴിയാണിത്. പാലം നിർമാണത്തിനായി സംസ്ഥാന ബഡ്ജറ്റിൽ നിന്നും രണ്ട് കോടി അനുവദിച്ചിട്ട് ആറ് മാസം കഴിഞ്ഞെങ്കിലും നിർമാണം ഇതുവരെ ആരംഭിച്ചിട്ടില്ല.

2018 ലുണ്ടായ ഉരുൾപൊട്ടലിൽ പൂർണ്ണമായും തകർന്ന പാലം പുതുക്കി പണിയണമെന്ന നാട്ടുകാരുടെ ആവശ്യം അംഗീകരിച്ചാണ് പി ഡബ്ല്യു ഡി പാലം പണിയുന്നതിനായി ഫണ്ട് അനുവദിച്ചത്. നൂറിലേറെ കുടുംബങ്ങൾ ഈ പ്രദേശത്തു താമസിക്കുന്നുണ്ട്. പാലത്തെ ആശ്രയിച്ചിരുന്നയിവർ ആറു കിലോമീറ്റർ അധികം നടന്നാണ് വാഹന സൗകര്യം ഉള്ള റോഡിലേക്ക് എത്തുന്നത്. നിലവിൽ അയ്യൻകുന്ന് പഞ്ചായത്തിൽ നിന്നും ആറളം പഞ്ചായത്തിലേക്ക് എത്തണമെങ്കിൽ രണ്ടു കിലോമീറ്റർ അകലെയുള്ള നടപ്പാലത്തെ ആശ്രയിക്കേണ്ട അവസ്ഥയാണ്.

'പാലം ഇല്ലാത്തത് വലിയ രീതിയിൽ യാത്രക്ലേശം സൃഷ്ടിക്കുന്നുണ്ട്. രോഗികളെ ആശുപത്രിയിൽ എത്തിക്കാൻ ദുരിതമേറെയാണ്. അധിക ദൂരം നടക്കേണ്ടതിനാൽ പലരും തോടിലൂടെ ഇറങ്ങിയാണ് അക്കരെ എത്തുന്നത്. എന്നാൽ മഴക്കാലമായാൽ ഇത് സാധ്യമല്ല'. പ്രദേശവാസി ഷേർളി



അയ്യൻകുന്ന് ആറളം പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നടപ്പാലം



2018 ലുണ്ടായ ഉരുൾപൊട്ടലിൽ തകർന്ന പാലം ഉണ്ടായിരുന്ന സ്ഥലം

ഷാജി പറഞ്ഞു.

നിലവിൽ എറണാകുളം ആസ്ഥാനമായുള്ള റിബിൽഡ് കേരള പാലത്തിന്റെ ഡിസൈൻ വർക്ക് ഏറ്റെടുത്തിട്ടുണ്ട്. പാലത്തിന്റെ രണ്ടാംഘട്ട ഡിസൈൻ വർക്കിലാണിപ്പോൾ. അതുതീർന്നാലുടൻ നിർമാണ പ്രവർത്തികൾ ആരംഭിക്കും. ആറളം പഞ്ചായത്ത് പ്രസിഡന്റ് രാജേഷ് കാരിക്കനാൽ പറഞ്ഞു.

## ആർദ്രം പദ്ധതി: പ്രാഥമിക ആരോഗ്യ കേന്ദ്രം ഇനി കുടുംബാരോഗ്യ കേന്ദ്രമാകും

**ഷഫ്ന ഷെറിൻ അയൂബ്**

അങ്ങാടിക്കടവ്: പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി. സംസ്ഥാനത്തെ ആരോഗ്യ മേഖലയുടെ സമഗ്ര പുരോഗതിക്കായുള്ള കേരള സർക്കാരിന്റെ രോഗീ സൗഹൃദ ആശുപത്രി സംരംഭമാണ് ആർദ്രം പദ്ധതി. ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുവാൻ സർക്കാർ തീരുമാനിച്ചിരുന്നു. ജനസൗഹൃദ ഒ.പി സേവനങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ, പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങൾക്ക് സമഗ്രമായ ആരോഗ്യ സേവനങ്ങളിലേക്കുള്ള പ്രവേശനം മുതലായവയാണ് ആർദ്രം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

'അങ്ങാടിക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനായി 1.43 കോടി രൂപയാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നിലവിലുള്ള കെട്ടിടം 40 വർഷം പഴക്കമുള്ളതായതിനാൽ പ്രസ്തുത പദ്ധതിക്കായി ഈ കെട്ടിടത്തിന് പുറകിലായി ഒരു ഏക്കർ സ്ഥലത്താണ് പുതിയ കെട്ടിടം വരുന്നത്. പുതിയ കെട്ടിടം വരുന്നതോട് കൂടി ഒ. പിക്കായി കൂടുതൽ സൗകര്യമൊരുക്കുക, ആരോഗ്യ കേന്ദ്രങ്ങളിൽ രോഗി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക, ജീവനക്കാരുടെ എണ്ണവും സേവനവും വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ സാധ്യമാക്കാൻ കഴിയും. കെട്ടിട നിർമ്മാണം മൂന്നു മാസത്തിനകം തുടങ്ങി ഒന്നര വർഷം കൊണ്ട് പൂർത്തികരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്'. സീനിയർ ഹെൽത്ത് ഇൻസ്പെക്ടർ സന്തോഷ് ഇരിങ്ങൽ പറഞ്ഞു.

എന്നാൽ നിലവിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. മതിയായ ഡോക്ടർമാരില്ലാത്തതിനാൽ ആവശ്യ സേവനങ്ങൾ ലഭ്യമാകാതെ രോഗികൾ വലയുകയാണ്. രോഗികളുടെ തിരക്ക് നിയന്ത്രിക്കാനാകാതെ ജീവനക്കാരും ബുദ്ധിമുട്ടുന്നു. നാല് ഡോക്ടർമാരുടെ തസ്തികകളാണ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഉള്ളത്. മൂന്നെണ്ണം പി. എസ്. സി വഴിയും ഒന്ന് പഞ്ചായത്ത് വഴിയുമാണ്. പഞ്ചായത്ത് തസ്തികയിലുള്ള ഡോക്ടർ താൽക്കാലികമായി പേരാവൂർ താലൂക്ക് ആശുപത്രിയിലേക്ക് മാറി വന്നതോടെ ഉച്ചകഴിഞ്ഞുള്ള ഒ.പി നിർത്തലാക്കിയിരുന്നു. ബാക്കിയുള്ള മൂന്ന് ഡോക്ടർമാരിൽ ഒരാൾ ലീവിൽ കൂടി പോയതോടെ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം അവതാളത്തിൽ ആയിരിക്കുകയാണ്.

'ചില ദിവസങ്ങളിൽ 250 ഓളം രോഗികൾ വരെ ഉണ്ടാകാറുണ്ട്. ട്രെയിനിങ് ഉള്ള ദിവസങ്ങളിൽ ഒരു ഡോക്ടർ മാത്രമാണ് ലഭ്യമായി ഇരിക്കുക. ഇത് വളരെ അധികം പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഡോക്ടർമാരുടെ കുറവ് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉടൻ പരിഹാരം ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത് '. മെഡിക്കൽ ഓഫീസർ അനു മേരി ജോസ് പറഞ്ഞു.


**വാർത്തകൾക്കും പരസ്യങ്ങൾക്കും വിളിക്കൂ...9496698531**


## ഉദ്യോഗസ്ഥരില്ലാതെ വലഞ്ഞ് അങ്ങാടിക്കടവ് വില്ലേജ് ഓഫീസ്

**വി അനന്യ**




അങ്ങാടിക്കടവ് വില്ലേജ് ഓഫീസ്

അങ്ങാടിക്കടവ്: മതിയായ ജീവനക്കാരില്ലാതെ വലഞ്ഞ് അങ്ങാടിക്കടവ് വില്ലേജ് ഓഫീസ്. നിലവിൽ അഞ്ച് തസ്തികകളുള്ള ഓഫീസിൽ വില്ലേജ് ഓഫീസറുടെയും വില്ലേജ് അസ്സിസ്റ്റന്റിന്റേയും സേവനം മാത്രമെ ലഭ്യമായിട്ടുള്ളൂ. ഇവർക്ക് പുറമേ രണ്ട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർ ഒരു സ്പെഷൽ വില്ലേജ് ഓഫീസർ എന്നീ തസ്തികകളിലേക്കാണ് ഇതുവരെ നിയമനമാകാത്തത്. പതിനാല് മാസമായി ഒരു നിയമനവും നടക്കാത്തത് വില്ലേജ് ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്.

താത്കാലിക പ്രതിസന്ധി പരിഹരിക്കാൻ വില്ലേജ് ഫീൽഡ് അസിസ്റ്റന്റായി താത്കാലിക ജീവനക്കാരനെ നിയമിച്ചിരുങ്കിലും ഇദ്ദേഹത്തെ തലശ്ശേരി താലൂക്കിലേക്ക് മാറ്റിയതോടെ വില്ലേജിന്റെ പ്രവർത്തനങ്ങൾ വീണ്ടും പഴയ സ്ഥിതിയിലായി.

ആവശ്യത്തിനു ജീവനക്കാരില്ലാത്തതിനാൽ ഫീൽഡ് വർക്ക് മുതലായ ആവശ്യങ്ങൾക്ക് പോകുമ്പോൾ ഓഫീസ് അടച്ചിടേണ്ട അവസ്ഥയാണ്. യാത്രസൗകര്യങ്ങൾക്കായ് മതിയായ വാഹനങ്ങളില്ലാത്തതും പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. അധികാരികളെ അറിയിച്ചെങ്കിലും വേണ്ട സൗകര്യങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല വില്ലേജ് ഓഫീസർ കെ. വി ജിജു പറഞ്ഞു.

## എഡിറ്റോറിയൽ

### മാറേണ്ട അജ്ഞത, മാറ്റേണ്ട അജ്ഞത

നരബലിക്കും പ്രണയപ്പകയ്ക്കും ശേഷം നാടിനെ നടുക്കി കൊണ്ട് മറ്റൊരു കൊലപാതകം കൂടി. ജീവനുതുല്യം സ്നേഹിച്ചവർ തന്നെ വിശ്വാസത്തിന്റെ പേരിൽ ജീവൻ എടുക്കുന്നു. ജാതക ദോഷം ഇല്ലാതാക്കാനായി സ്വന്തം കാമുകനെ കൊല ചെയ്യാൻ തീരുമാനിച്ച ഒരു ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി, അവൾ വിഷം ചേർത്തു നൽകിയ കഷായം കുടിച്ചാണ് താൻ മരണം കാത്തു കിടക്കുന്നത് എന്ന പുറത്തു പറയാത്ത അവളുടെ കാമുകൻ. പാറശാലയിൽ നടന്നത് മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിച്ച അരുംകൊല.

കുറ്റം ചെയ്തവർ മാത്രമാണോ അതോ ഇത്തരം കുറ്റകൃത്യങ്ങളിലേക്ക് അവരെ എത്തിച്ച സാഹചര്യങ്ങളാണോ കുറ്റക്കാർ? സമൂഹം മനുഷ്യ മനസ്സിലേക്ക് പകർന്നു നൽകുന്ന മൂല്യങ്ങളും വിശ്വാസങ്ങളമുണ്ട്. ചെറുപ്പം തൊട്ട് വള്ളി പുള്ളി വിടാതെ നാം അത് സ്വീകരിക്കുന്നു. ജീവിതം ഇതാണെന്നും ജീവിക്കേണ്ടത് ഇങ്ങനെയാണെന്നും ആരോ മുൻപേ പറഞ്ഞു. നാം അതു പാലിച്ചു. എന്നാൽ സാക്ഷരമലയാളി എന്നും കൊട്ടിഘോഷിക്കുന്ന നമ്മൾ വിവേകവും യുക്തിയും കൊണ്ട് വേർതിരിച്ചറിയേണ്ടതിനെ മനസ്സിലാക്കിയിട്ടില്ല.

സമ്പൂർണ സാക്ഷരത എന്ന് സ്വയം അവകാശപ്പെടുമ്പോഴും സമൂഹമെന്ത് വിചാരിക്കുമെന്ന അമിത ചിന്തയും വിവേകപൂർവം തീരുമാനം എടുക്കാനുള്ള പക്വതയില്ലായ്മയും നമ്മളെ പിറകോട്ടടിക്കുന്നു. ചെറുപ്പം മുതൽ നൽകപ്പെടുന്ന വിദ്യാഭ്യാസത്തിലൂടെപ്പോലും അതിനു സാധിക്കുന്നില്ല എന്നത് എത്രയോ വിരോധാഭാസമാണ്.

ഒരു മനുഷ്യൻ അവനെ തന്നെ സ്വയം വിലയിരുത്താനും വിശകലനം ചെയ്യാനും തെറ്റും ശരിയും തിരിച്ചറിയാനും പ്രാപ്തനാകുമ്പോഴാണ് അവൻ സമൂഹത്തിനു മുതൽകൂട്ടാകുന്നത്. എന്നാൽ അതിനു വിപരീതമായി സമൂഹമതിന് സമ്മതിക്കാതെ വരുന്നതാണ് ഏറ്റവും വലിയ അപകടം.

വിദ്യാസമ്പന്നരായ നമ്മുടെ ജനതയിൽ നരബലിയും പ്രണയപ്പകയും അന്ധവിശ്വാസങ്ങളും മൂലം ജീവനെടുക്കുമ്പോൾ വ്യക്തിയും അവനു നൽകപ്പെടുന്ന വിദ്യാഭ്യാസവും അവനായിരിക്കുന്ന സമൂഹവും ഒരേപോലെ തെറ്റുകാരാവുന്നുണ്ട്. ഒരു വ്യക്തിയുടെ ഉത്തരവാദിത്വപൂർണമായ മറ്റൊരു വ്യക്തിയെ ഉപദ്രവിക്കാത്ത സ്വാതന്ത്രത്തെ ബഹുമാനിക്കേണ്ടത് സമൂഹത്തിന്റെ കടമയാണ്. അതിനു അവനെ പ്രാപ്തനാക്കുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം. അത്തരത്തിലൊരു പരിസ്ഥിതിക്ക് മാത്രമേ അജ്ഞത മാറ്റാൻ സാധിക്കുകയുള്ളു...

എഡിറ്റർ

## യു എസ് എസ് വിജയികൾ



മിംസി തോമസ്



ആൻ മരിയ ജിമ്മി



ബെൻ ജോളി



ഗ്ളോറി മരിയ റിജു

*കരിക്കോട്ടക്കരി സെന്റ് തോമസ് എച്ച് എസ് വിദ്യാർത്ഥികൾ*

## അറിയിപ്പ്

### ലഹരിവിരുദ്ധ ബൈക്ക് റാലി

**അങ്ങാടിക്കടവ്: ഫീൽഡ് ഔട്ട് റീച്ച് കണ്ണൂർ ബ്യൂറോയുമായ് സഹകരിച്ച് അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ് എൻ എസ് എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഇന്ന് ബൈക്ക് റാലി സംഘടിപ്പിക്കുന്നു. വൈകുരേം 3:45 ന് ഡോൺ ബോസ്കോ കോളേജിൽ നിന്ന് ഇരിട്ടി വരെയാണ് റാലി നടത്തുന്നത്. കോളേജ് പ്രിൻസിപ്പാൾ ഫാദർ ഫ്രാൻസിസ് കാരക്കാട്ട് ബൈക്ക് റാലി ഫ്ളാഗ് ഓഫ് ചെയ്യും.**

# അനുഭവങ്ങളിൽ നിന്ന് എഴുത്തിലേക്ക്

**നഹല നസീർ**



**ഷാജു പാറയ്ക്കൽ**

***‘ഓർത്തു പോകുന്നു***
***പ്രേമഹംസങ്ങളെ***
***നേർത്തനീരിൽ നിലാവിന്റെ ഭംഗിയിൽ***
***ആർത്തുല്ലസിക്കും രാവിനേകാന്തത***
***പൂത്തവാനിൽ മിഴികളിളകുന്നു’***

കുട്ടികാലം മുതൽ കൂട്ടുള്ള വായനാശീലത്തെ പച്ചയായ ജീവിതാനുഭവങ്ങളോടൊപ്പം കോർത്തിണക്കിയെഴുതി ആസ്വാദകശ്രദ്ധ നേടിയെടുക്കുകയാണ് ഷാജു പാറയ്ക്കൽ, ഈന്തുങ്കരിക്കാരുടെ സ്വന്തം എഴുത്തുകാരൻ. മനുഷ്യനേയും പ്രകൃതിയേയും അക്ഷരങ്ങൾക്കൊണ്ട് ചേർത്തു നിർത്തുന്ന ഈ പ്രതിഭ, ഒറ്റപ്പെട്ടുപോകുന്ന ആദിവാസി സമൂഹത്തെയും അടിച്ചമർത്തപ്പെടുന്ന അവരുടെ സത്വത്തെയും കൃതികളിലൂടെ ചൂണ്ടിക്കാണിക്കുന്നു.

‘സ്കൂൾ കാലത്തുണ്ടായ ഒരു അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ആദ്യ പുസ്തകമായ ‘നിന്റെ ഓർമ്മയ്ക്ക്’ എന്ന കവിതാസമാഹാരം പ്രസിദ്ധീകരിച്ചത്. ഇതായിരുന്നു തുടക്കം. പിന്നീടാണ് ഒരു കുട്ടിയുടെ ജീവിതാനുഭവത്തിന്റെ വെളിച്ചത്തിൽ ‘സുമേതയുടെ ഓർമ്മയ്ക്ക്’ എന്ന കഥാസമാഹാരവും ‘നിശബ്ദയുടെ താരാട്ട്’ എന്ന കവിതാസമാഹാരവും പ്രസിദ്ധീകരിച്ചത്’. ഷാജു സർ പറഞ്ഞു.

തീഷ്ണമായ വറുതിയും കഷ്ടപ്പാടുമൊക്കെ പ്രതിഫലിക്കുന്ന ഇദ്ദേഹത്തിന്റെ എഴുത്തുകളിൽ നന്മയുടെ, പരസ്പര സഹകരണത്തിന്റെ സന്ദേശം ജനങ്ങലെത്തിക്കുന്നത് ദൃശ്യമാണ്. ആദിവാസികളുമായി തനിക്കുള്ള വൈകാരിക ബന്ധത്തിന്റെ ജീവിതകഥയാണ് ‘അയ്യൻകുന്ന്’ എന്ന കഥാസമാഹാരം. ആദിമവാസികളായ ആ മനുഷ്യരെയും അവരുടെ സംസ്കാരത്തിലും ആചാരങ്ങളിലും വരുന്ന കാലാനുചിതമായ മാറ്റങ്ങളെയും മുൻനിർത്തുന്നതാണ് ‘അയ്യൻകുന്ന്’. താൻ കണ്ട ജീവിതങ്ങളിൽ നിന്നു ‘അയ്യൻകുന്ന്’ ഉരുത്തിരിഞ്ഞത് പറയുമ്പോൾ ഷാജു സർ വാചാലനാവുന്നു.

ജീവിതത്തിന്റെ പുനരാവിഷ്കാരമാണ് വായനയിലൂടെയും എഴുത്തിലൂടെയും സംഭവിക്കുന്നതെന്ന് അഭിപ്രായപ്പെടുന്ന ഇദ്ദേഹം എഴുത്തിനായ് ചെലവഴിക്കാനിഷ്ടപ്പെടുന്നത് പുലർച്ചാനേരമാണ്. ‘എഴുതാൻ പറ്റാത്ത സമയത്ത് എഴുതുന്നതാണ് ഓരോ കവിതയും’ ഷാജു സർ ഉറച്ചു വിശ്വസിക്കുന്നു. എഴുത്തുകാരി റസിയ എ. ടിയുടൊപ്പം പ്രണയവും വിരഹവും ഇതിവൃത്തമാകുന്ന ‘പ്രണയകല്പിതം’ എന്ന കവിതാ സമാഹാരവും രചിച്ചിട്ടുണ്ട്. ‘ചേക്കട്ടപ്പിട...കൊക്കോം കൊൽകോം’ എന്ന ഗോത്ര ജീവിതം പറയുന്ന ബാലനോവലിന്റെ എഴുത്തിലാണ് ഷാജു സർ ഇപ്പോൾ.

1975 ജനുവരി 1 ന് ഉരുപ്പുംകുറ്റിയിൽ പാറയ്ക്കൽ കുമാരൻ ജാനകി ദമ്പതികളുടെ മകനായി ജനിച്ച ഇദ്ധേഹം അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസവും പഴശ്ശിരാജ എൻ എസ് എസ് കോളേജിൽ നിന്നും പ്രീ ഡിഗ്രി പഠനവും നടത്തി. തുടർന്ന് വിദൂര വിദ്യാഭ്യാസത്തിലൂടെ ഉപരി പഠനം പൂർത്തിയാക്കി. ശേഷം നീണ്ട പതിനാലുവർഷം തെലുങ്കാനയിലെ കരിംനഗറിൽ അധ്യാപകനായി ജോലി ചെയ്യ്തു. ഇപ്പോൾ ഇരിട്ടി ജില്ലാട്രഷറിയിൽ ജൂനിയർ അക്കൗണ്ടന്റായി ജോലി ചെയ്യുന്നു. ഭാര്യ ഉഷ, മക്കൾ ആര്യ, ആദിത്യൻ.

# ലഹരി വിരുദ്ധ ബോധവൽകരണം നടത്തി

**കെ അനഘ**

അങ്ങാടികടവ് : കുട്ടികളിലും യുവാക്കളിലും ലഹരി ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിന്റെ കീഴിലെ വിവിധ വാർഡുകളിലും സ്കൂളുകളിലും അന്യസംസ്ഥാന തൊഴിലാളികൾക്കിടയിലും ലഹരി വിരുദ്ധ ക്യാംമ്പയ്ൻ സംഘടിപ്പിച്ചു. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ലഹരി ഉപയോഗം, വിൽപ്പന എന്നിവയ്ക്കെതിരെ പഞ്ചായത്തിന്റെ പലഭാഗങ്ങളിലായി മനുഷ്യചങ്ങല, ദീപം തെളിക്കൽ, ബോധവൽകരണ ക്ലാസ്സ് എന്നിവ നടത്തി.

**അന്യസംസ്ഥാന തൊഴിലാഴികൾക്ക് ബോധവൽകരണ ക്ലാസ്സും മെഡിക്കൽ ക്യാമ്പും**



**അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് അന്യ സംസ്ഥാന തൊഴിലാളികൾക്ക് ലഹരി വിരുദ്ധ ക്ലാസ്സ് നടക്കുന്നു**

കണ്ണൂർ ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയും കരിക്കോട്ടകരി ജനമൈത്രി പോലീസും സംയുക്തമായി അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് അന്യസംസ്ഥാന തൊഴിലാളികൾക്ക് ലഹരി വിരുദ്ധ ക്ലാസ്സും മെഡിക്കൽ ക്യാമ്പും നടത്തി. സബ് ജഡ്ജും കണ്ണൂർ ഡി.എൽ.എസ്.എ സെക്രട്ടറിയുമായ വിൻസി ആൻ പീറ്റർ ജോസഫ് പരിപാടി ഉദ്ഘാടനം ചെയ്തു. കരിക്കോട്ടകരി സി. ഐ പി. ബി. സജീവ് അധ്യക്ഷനായ ചടങ്ങിൽ പാരാലീഗൽ വളണ്ടിയർ ബാബുരാജ് അന്യസംസ്ഥാന തൊഴിലാഴികൾക്ക് ക്ലാസ്സ് നയിച്ചു. ക്ലാസ്സിനു ശേഷം അങ്ങാടിക്കടവ് പി. എച്ച്. സി മെഡിക്കൽ ഓഫീസർ ഡോ. അനു മേരി ജോസിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തി.

പാരാലീഗൽ വളണ്ടിയർ കെ. സുരേന്ദ്രൻ, അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ, അങ്ങാടിക്കടവ് പി. എച്ച്. സി മെഡിക്കൽ ഓഫീസർ ഡോ. അനു മേരി ജോസ്, കരിക്കോട്ടകരി പോലീസ് സ്റ്റേഷൻ ജനമൈത്രി ബീറ്റ് ഓഫീസർ കെ. സജു, പാരാലീഗൽ വളണ്ടിയർ ഗോകുൽദാസ് എന്നിവർ പങ്കെടുത്തു.

**അങ്ങാടിക്കടവ് സ്കൂളിൽ രക്ഷിതാക്കൾക്കും വിദ്യാർഥികൾക്കും ബോധവൽകരണക്ലാസ്സ്**

ലഹരി വിരുദ്ധ ബോധവൽകരണ പരിപാടിയായ യോദ്ധാവ് പദ്ധതിയുടെ ഭാഗമായി അങ്ങാടികടവ് സേക്രട്ട് ഹാർട്ട് യു.പി സ്ക്കൂൾ ഓഡിറ്റോറിയത്തിൽ രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുമായി കരിക്കോട്ടകരി സി. ഐ പി. വി സജീവിന്റെയും എ. എസ്. ഐ രാജു ജോസഫിന്റെയും നേതൃത്വത്തിൽ ബോധവൽകരണ ക്ലാസ്സ് നടത്തി.

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: ഷഫ്ന ഷെറിൻ അയൂബ് | സബ് എഡിറ്റേഴ്സ്: അഞ്ജന വിൻസന്റ്, അനന്യ വി, നഹല നസീർ, അനഘ കെ, മൗങ് മൗങ് സെയ്ൻ | ഫോട്ടോഗ്രാഫേഴ്സ്: മൗങ് മൗങ് സെയ്ൻ | ഡിസൈൻ: അനന്യ വി

For private circulation only